സകാത്ത്: ആത്മീയ വളർച്ചക്ക്, സമ്പത്തിന്റെ ശുദ്ധീകരണത്തിന് – 2

# സകാത്ത് ബാധകമാകുന്ന ഇനങ്ങൾ

ലേഖനം ● ഡോ. എ.എ ഹലീം

**സ്വർണം,** വെള്ളി, കച്ചവടച്ചരക്കുകൾ, കാലിസമ്പത്ത്, കാർഷികോൽപ്പന്നങ്ങളും ഫലവർഗങ്ങളും, നിധിയും ഖനിജങ്ങളും, തേൻ, ശമ്പളം, ഓഹരി, നോട്ട്, ബോണ്ട് ഇവക്കെല്ലാം സകാത്ത് നിർബന്ധമാണ്.

## സ്വർണം, വെള്ളി നാണയങ്ങൾ

സ്വർണം, വെള്ളി, അവക്ക് പകരമായി പ്രചാരത്തിലുള്ള കറൻസി നോട്ടുകൾ എന്നിവക്ക് നിസ്വാബ് തികയുകയും വർഷം പൂർത്തിയാവുകയും ചെയ്താൽ സകാത്ത് കൊടുക്കണം. താഴെ പറയുന്ന രൂപത്തിലാണത് നൽകേണ്ടത്.

*സ്വർണം*

സ്വർണ നാണയം, സ്വർണ ബിസ്കറ്റ്, കച്ചവടാവശ്യാർഥം തയാർ ചെയ്തിട്ടുള്ള സ്വർണാഭരണങ്ങൾ, സ്വർണ പാത്രങ്ങൾ (സ്വർണപാത്രം ഉപയോഗിക്കുന്നത് നിഷിദ്ധമാണെങ്കിലും) എന്നിവക്ക് നിസ്വാബ് തികഞ്ഞാൽ സകാത്ത് നൽകണം. 20 ദീനാർ അഥവാ 85 ഗ്രാം തൂക്കമുള്ള തനിസ്വർണം ആണ് അവയുടെ നിസ്വാബ്, അഥവാ സകാത്ത് നിർബന്ധമാവുന്ന അളവ്. അത്രയും സ്വർണം കൈവശമുള്ളവൻ ഒരുവർഷം പൂർത്തിയാകുന്നതോടെ ഓരോ ഇരുപത് ദീനാറിനും അര ദീനാർ(നാൽപതിൽ ഒരംശം) സകാത്ത് കൊടുക്കണം. ഇരുപത് ദീനാർ അധികമുള്ളതിനും ഇതേ തോതിൽ, അതായത് 2.5 ശതമാനം സകാത്ത് നൽകണം. അലി(റ)യിൽനിന്ന് നിവേദനം: “നിന്റെ പക്കൽ ഇരുപത് ദീനാറുണ്ടാകുന്നതു വരെ നിനക്കതിൽ- സ്വർണത്തിൽ- ഒന്നും നിർബന്ധമില്ല. എന്നാൽ നിന്റെ പക്കൽ ഇരുപത് ദീനാറുണ്ടാകുകയും അതിന് വർഷം പൂർത്തിയാവുകയും ചെയ്താൽ അര ദീനാർ സകാത്തുണ്ട്. ഇരുപതിൽ കൂടുതലുണ്ടെങ്കിലും ഈ തോതനുസരിച്ചുതന്നെ. വർഷം തികയാതെ ധനത്തിന് സകാത്തില്ല” (അഹ്മദ്, അബൂദാവൂദ്)

> **ധനത്തിന്റെ സകാത്ത് ഈടാക്കുമ്പോൾ ഉടമകളുടെ അവകാശം പ്രത്യേകം പരിഗണിക്കണം. അവരുടെ അനുവാദമില്ലെങ്കിൽ മേത്തരം വസ്തുക്കൾ നോക്കി വസൂലാക്കാൻ പാടില്ല. എന്നാൽ ദരിദ്രരുടെ അവകാശം സംരക്ഷിക്കുകയെന്നതും സകാത്തിന്റെ ലക്ഷ്യമാകയാൽ ഉരുവിന്റെ ന്യൂനതകളായി പരിഗണിക്കപ്പെടുന്ന കുറ്റമുള്ള കാലികളെ സകാത്തായി സ്വീകരിക്കാൻ പാടില്ല. സാധാരണ ഗതിയിൽ മധ്യതരമാണ് വാങ്ങേണ്ടത്.**

*സ്ത്രീയുടെ ആഭരണം*

സ്ത്രീകൾ അണിയുന്ന സ്വർണത്തിന്റെയും വെള്ളിയുടെയും ആഭരണങ്ങളുടെ സകാത്തിന്റെ കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ധനമെന്ന നിലയിൽ സൂക്ഷിച്ചുവെക്കുന്നതിനോ സകാത്ത് നൽകുന്നതിൽനിന്നൊഴിവാകുന്നതിനോ വേണ്ടിയല്ലാതെ, സ്ത്രീകൾ അണിയുന്ന സ്വർണം, വെള്ളി ആഭരണങ്ങൾക്ക് സക്കാത്തില്ലെന്നാണ് ഭൂരിപക്ഷാഭിപ്രായം. എന്നാൽ വിശേഷാവസരങ്ങളിൽ മാത്രം ഉപയോഗിക്കുകയും അധിക സമയവും ഉപയോഗശൂന്യമായിരിക്കുകയും ചെയ്യുന്ന ആഭരണങ്ങൾക്ക് സകാത്ത് കൊടുക്കണമെന്നാണ് മറ്റൊരു പക്ഷം.

പുരുഷന്മാർ ധരിക്കുന്ന സ്വർണാഭരണങ്ങൾ(അവ നിഷിദ്ധമാണെന്നതോടൊപ്പം), സ്വർണ നിർമിതമായ വാച്ച്, പേന, സിഗററ്റ് ലാമ്പ് തുടങ്ങിയവക്ക് സകാത്ത് ബാധകമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല.

*വെള്ളി*

വെള്ളിയുടെ നിസ്വാബ് 200 ദിർഹം ആണ്. അതായത് 595 ഗ്രാം. ഇത്രയും അളവിൽ വെള്ളി കൈവശമുള്ളവർ വർഷം പൂർത്തിയാവുമ്പോൾ നാൽപതിൽ ഒരംശം (5 ദിർഹം) സകാത്ത് കൊടുക്കണം.

നബി(സ) പറഞ്ഞതായി അലി(റ)യിൽനിന്ന് നിവേദനം: “കുതിരയുടെയും അടിമകളുടെയും സകാത്ത് ഞാൻ നിങ്ങൾക്ക് വിട്ടുതന്നിരിക്കുന്നു. എന്നാൽ വെള്ളിയുടെ സകാത്ത് നിങ്ങൾ കൊണ്ടുവരിക. ഓരോ നാൽപത് ദിർഹമിനും ഒരു ദിർഹം വീതം. എന്നാൽ 190 ദിർഹമിന് ഒന്നും നിർബന്ധമില്ല. 200 ദിർഹം തികഞ്ഞാൽ അഞ്ചുദിർഹം നിർബന്ധമാണ്” (അസ്ഹാബുസ്സുനൻ).

*സ്വർണം-വെള്ളി പാത്രങ്ങൾ*

സ്വർണം, വെള്ളി പാത്രങ്ങൾ ഉപയോഗിക്കുന്നത് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ നിഷിദ്ധമാണ്. ഉപയോഗിച്ചാലുമില്ലെങ്കിലും അവ സൂക്ഷിച്ച് വെക്കുകയാണെങ്കിൽ വർഷം പൂർത്തിയാകുന്നതോടെ നിസ്വാബ് തികഞ്ഞാൽ സകാത്ത് നിർബന്ധമാകും.

*പ്രോമിസറി നോട്ട്*

ബാങ്കുകൾ അച്ചടിച്ചിറക്കുന്ന കറൻസി നോട്ടുകൾക്ക് സ്വർണത്തിന്റെയും വെള്ളിയുടെയും അനുപാതത്തിൽ നേരത്തെ വിവരിച്ചതു പോലെ സകാത്ത് ബാധകമാണ്. 2.5 ശതമാനമാണ് സകാത്ത് വിഹിതം.

*ഉദാഹരണങ്ങൾ*

ഒരു ലക്ഷം രൂപ കൈവശമുള്ള ഒരാൾ വർഷം പൂർത്തിയാകുന്നതോടെ എത്ര സകാത്ത് കൊടുക്കണമെന്ന് നോക്കുക.

$$\frac{100000 \times 2.5}{100} = 2500$$ രൂപ

കച്ചവടത്തിനുവേണ്ടി 18 കാരറ്റിലും 24 കാരറ്റിലുമുള്ള വിവിധതരം സ്വർണ ഉരുപ്പടികൾ കൈവശമുള്ള ഒരാൾ വർഷം പൂർത്തിയാകുന്നതോടെ കൊടുക്കേണ്ട സകാത്ത് വിഹിതം എത്രയെന്നു നോക്കാം. കലർപ്പില്ലാത്ത സ്വർണത്തിന് വിപണിയിലുള്ള നിരക്കനുസരിച്ചാണയാൾ സകാത്ത് കണക്കാക്കേണ്ടത്. അതിപ്രകാരമാണ്:

സ്വർണത്തിന്റെ തൂക്കം X കാരറ്റിന്റെ ഇനം X ഒരുഗ്രാം തനി സ്വർണത്തിന്റെ വില X 2.5 / 100 X 24

85 ഗ്രാം സ്വർണത്തിന് 28.5.2008-ലെ നിരക്കനുസരിച്ച് ഗ്രാമിന് 1125 രൂപയാണ് വിലയെങ്കിൽ താഴെ പറയുന്ന രീതിയിലാണ് സകാത്ത് കണക്കാക്കേണ്ടത്:

$$\frac{85 \times 24 \times 1125 \times 2.5}{100 \times 24} = 2390$$ രൂപക്കുള്ള സ്വർണമാണ് സകാത്ത് വിഹിതം

## കച്ചവടത്തിന്റെ സകാത്ത്

ലാഭമുദ്ദേശിച്ചു കച്ചവടം ചെയ്യാനായി വ്യക്തികളും കമ്പനികളും വാങ്ങി സൂക്ഷിച്ചിട്ടുള്ള വസ്തുക്കൾ, ഉൽപന്നങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവയാണ് കച്ചവടച്ചരക്കുകൾ. ഇവക്കും സകാത്ത് ബാധകമാണ്.

എന്നാൽ കച്ചവട ചരക്കുകൾ സൂക്ഷിക്കുന്ന കെട്ടിടങ്ങൾ, ഗോഡൗണുകൾ, ചരക്കുനീക്കത്തിനു ഉപയോഗിക്കുന്ന കണ്ടയ്നറുകൾ, ഇതര സംവിധാനങ്ങൾ, ഉപകരണങ്ങൾ കച്ചവടത്തിൽ വ്യാപൃതരായിട്ടുള്ള വ്യക്തികളെയും തൊഴിലാളികളെയും നിർദിഷ്ട സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹനങ്ങൾ എന്നിവക്ക് സകാത്ത് ബാധകമല്ല. അവ കച്ചവടച്ചരക്കുകളല്ല എന്നതാണ് കാരണം.

കച്ചവടാവശ്യാർഥം ഒരുക്കിവെച്ചിട്ടുള്ള വസ്തുക്കൾക്ക് വർഷം പൂർത്തിയാകുന്നതോടെ സകാത്ത് നിർബന്ധമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ സമന്വയമുണ്ട് (മൗസൂഅത്തുൽ ഇജ്മാഇ ഫിൽ ഫിഖ്ഹിൽ ഇസ്‌ലാമി -1/508).

*സകാത്ത് കണക്കാക്കേണ്ട രീതി*

വർഷം പൂർത്തിയാകുന്നതോടെ സ്റ്റോക്കെടുപ്പ് നടത്തി വ്യാപാര സ്ഥലത്ത് സൂക്ഷിച്ചിട്ടുള്ള ചരക്കുകളുടെ നിലവിലുള്ള വിപണിമൂല്യം കണക്കാക്കുകയാണ് ആദ്യപടി. മാർക്കറ്റുവില, കച്ചവടത്തിനായി ചരക്കുകൾ വാങ്ങുമ്പോഴുണ്ടായിരുന്നതിനെക്കാൾ കൂടുതലായിരുന്നാലും കുറവായിരുന്നാലും ഒരുപോലെ തന്നെയാണ്. ചില്ലറ വിൽപനക്കും മൊത്തവിൽപനക്കുമായി കരുതിയിട്ടുള്ളവ അതിനനുയോജ്യമായ രീതിയിലാണ് കണക്കാക്കേണ്ടത്. ചരക്കുകളോടൊപ്പം വ്യാപാരി തന്റെ കൈവശമുള്ള പണവും -അത് വ്യാപാരത്തിൽനിന്നുള്ള ലാഭമാകട്ടെ അല്ലാതിരിക്കട്ടെ- തനിക്ക് തിരിച്ചുകിട്ടുമെന്നു പ്രതീക്ഷയുള്ള കടവും കൂട്ടിച്ചേർത്തുകൊണ്ടാണ് നിസ്വാബ് കണക്കാക്കേണ്ടത്. അങ്ങനെ കണക്കാക്കുന്ന സംഖ്യയിൽനിന്ന് താൻ മറ്റുള്ളവർക്ക് നൽകാനുള്ള കടവും നികുതികൾ പോലുള്ള ഇതര ബാധ്യതകളും കുറവു ചെയ്യേണ്ടതാണ്. വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ ഇങ്ങനെ കണക്കുകൂട്ടി കിട്ടുന്ന തുകയുടെ പത്തിൽ ഒന്നിന്റെ നാലിൽ ഒരു ഭാഗം (2.5 ശതമാനം)സകാത്ത് കൊടുക്കണം.

> **ലാഭമുദ്ദേശിച്ചു കച്ചവടം ചെയ്യാനായി വ്യക്തികളും കമ്പനികളും വാങ്ങി സൂക്ഷിച്ചിട്ടുള്ള വസ്തുക്കൾ, ഉൽപന്നങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവക്ക് സകാത്ത് ബാധകമാണ്. കച്ചവട ചരക്കുകൾ സൂക്ഷിക്കുന്ന കെട്ടിടങ്ങൾ, ഗോഡൗണുകൾ, ചരക്കുനീക്കത്തിനു ഉപയോഗിക്കുന്ന കണ്ടയ്നറുകൾ, ഇതര സംവിധാനങ്ങൾ, ഉപകരണങ്ങൾ കച്ചവടത്തിൽ വ്യാപൃതരായിട്ടുള്ള വ്യക്തികളെയും തൊഴിലാളികളെയും നിർദിഷ്ട സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹനങ്ങൾ എന്നിവക്ക് സകാത്ത് ബാധകമല്ല.**

ഉദാഹരണം:

മേൽ സൂചിപ്പിച്ച പ്രകാരം തന്റെ കൈവശമുള്ള കച്ചവടച്ചരക്കുകളുടെ സകാത്ത് കണക്കാക്കിയ അഹ്‌മദ് എന്ന വ്യാപാരിയുടെ കാര്യം നോക്കുക: കച്ചവടത്തിനായി അദ്ദേഹം തയാറാക്കി വെച്ചിരുന്ന വസ്തുക്കളുടെ വിപണിമൂല്യം 12 ലക്ഷം രൂപ; ബാങ്കിലും സ്വന്തം കൈവശത്തിലുമൊക്കെയായി ഉണ്ടായിരുന്ന സംഖ്യ മൂന്ന് ലക്ഷം രൂപ; തനിക്ക് കിട്ടാനുള്ളതും ലഭിക്കുമെന്ന് ഉറപ്പുള്ളതുമായ കടം അഞ്ചു ലക്ഷം രൂപ; ഏകദേശം നാല് ലക്ഷം രൂപ അദ്ദേഹത്തിന് കടവുമുണ്ട്. അഹ്‌മദിന്റെ സകാത്ത് ഇപ്രകാരമാണ്.

$$1200000 + 300000 + 500000 - 400000 = 1600000$$

$$\frac{1600000 \times 2.5}{100} = 40000$$ രൂപ സകാത്തായി നൽകണം

## കാലികളുടെ സകാത്ത്

അല്ലാഹു മനുഷ്യർക്ക് നൽകിയ അനുഗ്രഹങ്ങളിൽ ഒന്നാണ് കാലിസമ്പത്ത്. ഒട്ടകം, ആട്, മാട് എന്നിവ അവയിൽ മുഖ്യമാണ്. മാട് എന്നതിൽ കാള, പശു, പോത്ത്, എരുമ എന്നിവയെല്ലാം ഉൾപ്പെടും.

അല്ലാഹു പറഞ്ഞു: "ഇവർ കാണുന്നില്ലയോ, നമ്മുടെ ഹസ്തങ്ങളാൽ നിർമിതമായ വസ്തുക്കളിൽനിന്ന് നാം ഇവർക്ക് കന്നുകാലികളെ സൃഷ്ടിച്ചുകൊടുത്തത്? ഇപ്പോഴിവർ അവക്കുടമസ്ഥരാണ്. നാം അവയെ ഈ വിധം അവരുടെ ശക്തിയിലൊതുക്കിക്കൊടുത്തു. അവയിൽ ചിലത് ഇവരുടെ വാഹനമാകുന്നു. ചിലതിനെ ഇവർ ഭക്ഷിക്കുന്നു. ഇവർക്ക് അവയിൽ ബഹുവിധ പ്രയോജനങ്ങളും പാനീയങ്ങളുമുണ്ട്. എന്നിട്ടും ഇവർ നന്ദികാണിക്കുന്നില്ലെന്നോ?" (*യാസീൻ* 71-73).

അല്ലാഹു നൽകിയ ഈ അനുഗ്രങ്ങൾക്കുള്ള നന്ദി പ്രകാശനമായാണ് കാലികളുടെ സകാത്ത് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഇക്കാര്യം വ്യക്തമായി വിവരിക്കുന്ന നിരവധി ഹദീസുകൾ വന്നിട്ടുണ്ട്.

കാലി സമ്പത്തിൽ സകാത്ത് ചുമത്തപ്പെടുന്നതിന് ചില ഉപാധികൾ പൂർത്തിയാക്കണം:

*നിസാബ് തികയുക:* കാലികളിൽ സകാത്ത് ബാധകമാകുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ എണ്ണമാണിതുകൊണ്ടു ഉദ്ദേശിക്കുന്നത്. ഒട്ടകത്തിന് 5, മാടുകൾക്ക് 30, ആടിന് 40 എന്നിങ്ങനെയാണ് നിസാബ്. ഈ പറഞ്ഞ എണ്ണത്തിൽ കുറഞ്ഞവക്ക് സകാത്തില്ല. അവ ഉടമകളുടെ ആവശ്യത്തിനായ് ഉപയോഗിക്കാൻ വിട്ടുകൊടുത്തിരിക്കുന്നു.

*ഒരുവർഷം തികയുക:* സകാത്ത് ബാധകമാവുന്ന കാലി സമ്പത്ത് ഉടമയുടെ പക്കൽ ഒരുവർഷം ഉണ്ടായിരിക്കണം. ഇതിനിടയിൽ പെറ്റു പെരുകുന്നവയുടെ എണ്ണം നേരത്തെയുള്ളതിനോട് ചേർക്കപ്പെടുമെങ്കിലും വർഷം പൂർത്തിയാവുക എന്ന ഉപാധി അവക്കും ബാധകമാണ്.

*മേഞ്ഞു തിന്നുന്നതാവുക*: കാലികൾ വർഷത്തിൽ അധികകാലവും സസ്യലതാദികൾ മേഞ്ഞു തിന്നുന്നവയായിരിക്കണമെന്ന് ചില പണ്ഡിതന്മാർ ഉപാധി വെച്ചിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ തീറ്റ കൊടുത്തു വളർത്തുന്നതാണെങ്കിൽ സകാത്ത് കൊടുക്കേണ്ടതില്ല. തീറ്റകൊടുത്തു വളർത്തുന്നതാണെങ്കിലും സകാത്ത് ബാധകമാവുമെന്നാണ് മറ്റൊരു വിഭാഗത്തിന്റെ വീക്ഷണം. കുവൈത്തിലെ ബൈത്തുസ്സകാത്തിന്റെ ആഭിമുഖ്യത്തിലുള്ള നിയമകാര്യ സമിതി ഈ അഭിപ്രായമാണംഗീകരിച്ചിട്ടുള്ളത്. എന്നാൽ, കൃഷിയാവശ്യങ്ങൾക്കായി നിലമുഴുതുന്നതിനോ ചരക്കുനീക്കത്തിനോ ഉപയോഗിക്കുന്ന കാലികൾക്ക് സകാത്ത് ബാധകമല്ല. അവ ഉടമസ്ഥന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഉൾപ്പെടുമെന്നതിനാലാണത്.

## കാലികളുടെ നിസ്വാബ്

എല്ലായിനം കാലികൾക്കും ഒരേ നിസ്വാബല്ല നിശ്ചയിച്ചിരിക്കുന്നത്. അഞ്ചെണ്ണം തികയുന്നതു വരെ ഒട്ടകത്തിന് സകാത്തില്ല. ഒട്ടകം അഞ്ചെണ്ണമുണ്ടാവുകയും ഒരു വർഷം പൂർത്തിയാവുകയും ചെയ്താൽ സകാത്ത് ബാധകമാകും.

മാടുകൾ മുപ്പതെണ്ണം തികയുന്നതുവരെ അവക്ക് സകാത്തില്ല. പശു, കാള, എരുമ, പോത്ത് എന്നിവയാണ് മാടുകൾ. 30 എണ്ണം തികയുകയും ഒരു വർഷം പൂർത്തിയാവുകയും ചെയ്താൽ ഒരു വയസ്സായ കുട്ടിയെ ആണായാലും പെണ്ണായാലും സകാത്തായി നൽകണം.

## മാടുകളുടെ സകാത്ത് വിഹിതം

| മുതൽ | വരെ | |
|---|---|---|
| 30 | 39 | ഒരു വയസ്സായ കുട്ടി |
| 40 | 59 | രണ്ടു വയസ്സായ കുട്ടി |
| 60 | 69 | ഒരു വയസ്സായ രണ്ടു കുട്ടികൾ |
| 70 | 79 | രണ്ടു വയസ്സും ഒരു വയസ്സുമുള്ള ഓരോ കുട്ടികൾ |

ഇവിടന്നങ്ങോട്ട് 80 എണ്ണം പൂർത്തിയായാൽ 30-ന് ഒരു വർഷം തികഞ്ഞതും 40-ന് രണ്ടുവർഷം തികഞ്ഞതുമെന്ന കണക്കിലാണ് നൽകേണ്ടത്. 120-ന് രണ്ടു വയസ്സുള്ള മൂന്നെണ്ണമോ ഒരു വയസ്സുള്ള നാലെണ്ണമോ നൽകേണ്ടതാണ്. നബി(സ) പറഞ്ഞു: "ഓരോ മുപ്പതെണ്ണത്തിനും ഒരുവർഷം തികഞ്ഞ കുട്ടിയും ഓരോ നാൽപതെണ്ണത്തിനും രണ്ടുവർഷം തികഞ്ഞ കുട്ടിയും" (അബൂദാവൂദ്, തിർമിദി).

ആടുകൾ നാൽപതെണ്ണം തികയുന്നതുവരെ അവക്ക് സകാത്തില്ല. 40 ആടുകൾ ഉണ്ടാവുകയും അവക്ക് വർഷം തികയുകയും ചെയ്താൽ ഒരാട് സകാത്തായി നൽകണം. പിന്നെ 120 വരെയുള്ളതിന് സകാത്തില്ല. 121 മുതൽ 200 വരെയുള്ളതിന് രണ്ട് ആട് സകാത്ത് കൊടുക്കണം. 201 മുതൽ 300 വരെയുള്ളതിന് മൂന്ന് ആടുകളാണ് നൽകേണ്ടത്. മുന്നൂറിൽ അധികമുണ്ടായാൽ ഓരോ നൂറിനും ഒരാടുവീതമാണ് സകാത്ത് കൊടുക്കേണ്ടത്.

സകാത്ത് നിർണയിക്കപ്പെട്ട രണ്ട് സംഖ്യകളുടെ ഇടക്കുള്ള സംഖ്യക്ക് സകാത്തില്ലെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമില്ല. ഉദാഹരണമായി ആടുകളുടെ കാര്യത്തിൽ 41 മുതൽ 119 വരെയുള്ള എണ്ണം. നെയ്യാടിൽനിന്ന് ഒരു വയസ്സായതും കോലാടിൽനിന്ന് രണ്ടുവയസായതുമാണ് സകാത്തായി നൽകേണ്ടത്. കൈവശമുള്ളതെല്ലാം ആണാടുകളാണെങ്കിൽ സകാത്തായി അതുതന്നെ നൽകുന്നത് സാധുവാണ്. ധനത്തിന്റെ സകാത്ത് ഈടാക്കുമ്പോൾ ഉടമകളുടെ അവകാശം പ്രത്യേകം പരിഗണിക്കണം. അവരുടെ അനുവാദമില്ലെങ്കിൽ മേത്തരം വസ്തുക്കൾ നോക്കി വസൂലാക്കാൻ പാടില്ല. എന്നാൽ ദരിദ്രരുടെ അവകാശം സംരക്ഷിക്കുകയെന്നതും സകാത്തിന്റെ ലക്ഷ്യമാകയാൽ ഉരുവിന്റെ ന്യൂനതകളായി പരിഗണിക്കപ്പെടുന്ന കുറ്റമുള്ള കാലികളെ സകാത്തായി സ്വീകരിക്കാൻ പാടില്ല. സാധാരണ ഗതിയിൽ മധ്യതരമാണ് വാങ്ങേണ്ടത്. മുആദ്(റ)നോട് നബി(സ) പറഞ്ഞു: "നീ അവരുടെ മുന്തിയ ധനങ്ങളിൽ സൂക്ഷ്മത പാലിക്കുക." അബൂബക്കർ(റ) ന്റെ ഒരുകത്തിൽ ഇങ്ങനെ നിർദേശിച്ചതായി കാണാം: "പല്ല് കൊഴിഞ്ഞതും, കാഴ്ച നഷ്ടപ്പെട്ടതും കൂറ്റനും സകാത്തായി വസൂൽ ചെയ്യരുത്." സുഫ്യാനുബ്നു അബ്ദില്ലാഹിസ്സഖഫി നിവേദനം ചെയ്യുന്നു: "മച്ചിയായതും വീട്ടിൽ പാലിനുവേണ്ടി വളർത്തുന്നതും പ്രസവം അടുത്തതും കൂറ്റനുമായ ആടുകളെ വാങ്ങരുതെന്ന് സകാത്ത് ഉദ്യോഗസ്ഥനെ ഉമർ(റ) വിലക്കിയിരുന്നു" (അഹ്മദ്). ■

(തുടരും)